**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6565** **20-03-2023 - ൽ മറുപടിയ്ക്ക്**

**കല്ല്യാശ്ശേരി മണ്ഡലത്തിലെ റോഡ് നിർമ്മാണം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. എം.വിജിൻ** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കല്ല്യാശ്ശേരി മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന എസ്റ്റിമേറ്റ് സമർപ്പിച്ച് ഭരണാനുമതി ലഭിച്ച റോഡുകളിൽ പ്രവൃത്തി തുടങ്ങാനുള്ളവ ഏതൊക്കെയാണ്; വ്യക്തമാക്കുമോ; | (എ) | കല്ല്യാശ്ശേരി മണ്ഡലത്തിൽ ഭരണാനുമതി നൽകിയ എല്ലാ റോഡുകളുടെയും പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. |
| (ബി) | നിലവിൽ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്ന റോഡുകൾ ഏതൊക്കെയാണ്; വിശദാംശം ലഭ്യമാക്കാമോ? | (ബി) | കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിൽ നടപ്പ് വർഷം രണ്ട് റോഡുകൾക്കാണ് തീരദേശ റോഡുകളുടെ നവീകരണത്തിനായി ഭരണാനുമതി നൽകിയത്.<br><br>ഏഴോം ഗ്രാമപഞ്ചായത്തിലെ എരിപുരം പബ്ലിക് ലൈബ്രറി പഴയ ജെ.റ്റി.എസ്. റോഡിന്റെ നവീകരണ പ്രവൃത്തിയ്ക്കായി 98 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ക്രോസ് ഡ്രെയിൻ, സൈഡ് ഡ്രെയിൻ പ്രവൃത്തി പൂർത്തീകരിച്ചു.<br><br>മാട്ടൂൽ ഗ്രാമപഞ്ചായത്തിലെ മടക്കര ഡാം പാലോർക്കണ്ടി അയ്യോത്ത് റോഡിന്റെ നിർമ്മാണ പ്രവൃത്തിയ്ക്കായി 73 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പാർശ്വഭിത്തി സംരക്ഷണ പ്രവൃത്തിയും, കൾവർട്ടിന്റെ പ്രവൃത്തിയും പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ